## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.180 05.12.2018 ൽ മറുപടിയ്ക്ക്

## സപ്ലൈകോ ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

**ചോദ്യം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ. എൻ. ഷംസുദ്ദീൻ
ശ്രീ. പി.കെ.ബഷീർ

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോ ഓണച്ചന്തകളിലൂടെ വിറ്റഴിച്ച ഭക്ഷ്യധാന്യങ്ങളിൽ ആരോഗ്യത്തെ ഗുരുതരമായി ബാധിക്കുന്ന രാസവസ്തുക്കൾ അടങ്ങിയിരുന്നുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പുതല അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും (ബി) യും | 2018 ഓണക്കാലത്ത് ഫുഡ് സേഫ്റ്റി വകുപ്പ് നടത്തിയ പരിശോധനയിൽ 07 ഡിപ്പോകളിൽ നിന്നും ശേഖരിച്ച മല്ലിയിൽ അനുവദനീയമായ അളവിലും കൂടുതൽ സൾഫർ ഡയോക്സൈഡിന്റെ അംശവും കോട്ടയം ഡിപ്പോയിൽ നിന്നും ശേഖരിച്ച മുളകിൽ എത്തിയോണിന്റെ അംശവും കണ്ടെത്തിയിരുന്നു. മല്ലി വിതരണം നടത്തിയ 07 വിതരണക്കാർക്കെതിരെയുള്ള നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഡിപ്പോ മാനേജർമാരോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. മുളകും മല്ലിയും സപ്ലൈകോ/ FSSAI (Food Safety Standards Authority of India) മാനദണ്ഡങ്ങൾ പാലിക്കുന്നതായി ഫിസിക്കൽ അനാലിസിസിൽ കണ്ടെത്തുകയും സാധനങ്ങൾ സ്വീകരിക്കുകയുമായിരുന്നു. എന്നാൽ കെമിക്കൽ അനാലിസിസിലാണ് ക്രമക്കേട് കണ്ടെത്തിയത്. മുളക് വിതരണം നടത്തിയ വിതരണക്കാരനെതിരെ കോട്ടയം അസിസ്റ്റന്റ് കമ്മീഷണർ ഓഫ് ഫുഡ് സേഫ്റ്റി നടപടി എടുത്തിട്ടുണ്ട്. ടി വിതരണക്കാരൻ ബഹു. ഹൈക്കോടതിയെ സമീപിച്ചതിനാൽ വകുപ്പുതല നടപടി പൂർത്തീയായിട്ടില്ല. |
| (ബി) | ഏതൊക്കെ ഭക്ഷ്യ വസ്തുക്കളിലാണ് മായം കണ്ടെത്തിയതെന്നും ഇപ്രകാരം സംഭവിക്കാനിടയായ സാഹചര്യവും വിശദമാക്കുമോ; ഇവ വിതരണം ചെയ്ത കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (സി) | വാങ്ങുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് സപ്ലൈകോയ്ക്ക് ഉള്ളതെന്നും ഇതിനായി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും അറിയിക്കാമോ; | (സി) യും (ഡി) യും | ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും NFSA (National Food Security Act) ഗോഡൗണുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ച ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയും അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ |

| | | | |
|---|---|---|---|
| (ഡി) | ഭാവിയിൽ ഇത്തരം സാഹചര്യ ങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ കർശന നടപടികൾ സ്വീകരി ക്കുമെന്ന് വിശദമാക്കാമോ? | | സ്വീകരിക്കുന്നത്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗം സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി വില്പന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുകയും ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. കാലകാലങ്ങളിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഏർപ്പെടുത്തുന്ന ഗുണനിലവാര പരിശോധന മാനദണ്ഡങ്ങൾ ഉൾക്കൊണ്ട് ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ